**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 609** **24-08-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്പോർട്ടൽ മുഖേന ഓൺലൈനായി വ്യവസായ വാണിജ്യ ഡയറക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാരിലേക്ക് അയക്കുന്നു. സർക്കാർ തലത്തിൽ ധനകാര്യം, വ്യവസായം, റവന്യൂ, വൈദ്യുതി, പരിസ്ഥിതി, തദ്ദേശ സ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങിയ സ്റ്റേറ്റ് ലവൽ സെലക്ഷൻ കമ്മിറ്റി യോഗം ചേർന്ന് ഇവ വിലയിരുത്തി അനുയോജ്യമായവയ്ക്ക് അംഗീകാരം നൽകുകയും തുടർന്ന് ഡവലപ്പർ പെർമിറ്റ് അനുവദിക്കുകയും ചെയ്യും. ഇത്തരത്തിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുവാൻ അനുമതി ലഭിച്ച ഭൂമിയ്ക്ക് കേരള ഇൻഡസ്ട്രീയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്പ്മെന്റ് റൂൾ 2019 എന്നിവയുടെ പരിധിയിൽ വരുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും.<br><br>10 ഏക്കർ ഭൂമിയോ അതിൽ കൂടുതലോ കൈവശമുള്ള സഹകരണ സ്ഥാപനങ്ങൾ, കമ്പനികൾ, പാർട്ണർഷിപ്പ് സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പെർമിറ്റിനായി അപേക്ഷിക്കാം സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പോലെ ബഹുനില വ്യവസായ സമുച്ചയമാണ് ഉദ്ദേശിക്കുന്നതെങ്കിൽ 5 ഏക്കർ ഭൂമി മതിയാകും. തെരഞ്ഞെടുക്കപ്പെടുന്ന ഭൂമി ESA or CRZ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടതായി രിക്കരുത്. അതുപോലെ തന്നെ, Kerala Conservation of Paddy Land and Wet Land Act-2008 -ന്റെ പരിധിയിലും ഉൾപ്പെട്ടതായി രിക്കരുത്. |

| | | | |
|---|---|---|---|
| | | | സ്വകാര്യ വ്യവസായ എസ്റ്റേറ്റാക്കി മാറ്റാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ ഭൂമി സംബന്ധമായ നിയമപ്രശ്നങ്ങളോ മറ്റുതടസ്സങ്ങളോ ഉണ്ടാകാനും പാടില്ല. |
| (ബി) | സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ഏതെല്ലാം ജില്ലകളിൽ നിന്നാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (ബി) | കോഴിക്കോട്, തിരുവനന്തപുരം, ഇടുക്കി, വയനാട്, തൃശ്ശൂർ, കോട്ടയം, മലപ്പുറം പാലക്കാട്, കണ്ണൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്ന് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br><br>ലഭ്യമായ അപേക്ഷകളിൽ നിന്നും അനുയോജ്യമായവ കണ്ടെത്തി ഡവലപ്പർ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ